"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025-ലെ യോഗതീരുമാനം നമ്പർ 4.58 - ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്തെ കൈനകരി ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയ്ക്ക് വള്ളം വാങ്ങുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1813/2025/LSGD തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:- 1. കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.05.2025 -ലെ കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 24/06/2025-ലെ യോഗതീരുമാനം നമ്പർ 4.58

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്തെ കൈനകരി ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 15 വാർഡുകളിൽ 8 വാർഡുകളിലും ജലമാർഗ്ഗമാണ് യാത്ര ചെയ്യുന്നത് എന്നും, ഈ വാർഡുകളിൽ ഹരിതകർമ്മസേന അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവർത്തനം നടത്തുന്നത് വാടകയ്ക്ക് വള്ളമെടുത്താണ് എന്നും, ഒരു മാസം ഇതിനായി 27,000 രൂപ ചെലവ് വരുന്നുണ്ട് എന്നും പരാമർശം(1) പ്രകാരം കൈനകരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നു. വാടകയ്ക്ക് വള്ളമെടുക്കുന്നതിന് പകരമായി വള്ളം വാങ്ങാനാണ് ഉദ്ദേശിക്കുന്നത് എന്നും ആയതിന് ഏകദേശം 7 ലക്ഷം രൂപ ആകുമെന്ന് അറിയിച്ചിട്ടുണ്ട്. വള്ളം ഏതെങ്കിലും ഏജൻസി മുഖേന വാങ്ങാൻ കഴിയില്ല എന്നും ശുചിത്വ മിഷൻ വിഹിതമുപയോഗിച്ച് വള്ളം വാങ്ങാവുന്നതല്ല എന്നും തനത് ഫണ്ട് കുറവായതിനാലും SBM വിഹിതമുപയോഗിച്ച് വള്ളം വാങ്ങാൻ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു.

വിഷയം 24/06/2025-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയും തീരുമാനം നമ്പർ 4.58 പ്രകാരം വള്ളത്തിന്റെ അറ്റകുറ്റപ്പണിയടക്കമുള്ള ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കണമെന്നും വള്ളം തുഴയാൻ ഹരിത കർമ്മസേനയിലെ ഒരംഗത്തെ ഏൽപ്പിക്കണമെന്നുമുള്ള നിബന്ധനയോടെ അനുമതി നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശത്തെ കൈനകരി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനക്ക് അജൈവ മാലിന്യം ശേഖരിക്കുന്ന പ്രവർത്തനം നടത്തുന്നതിന് വള്ളം വാങ്ങുന്നതിന്, വള്ളത്തിന്റെ അറ്റകുറ്റപ്പണിയടക്കമുള്ള ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് വഹിക്കണമെന്നും വള്ളം തുഴയാൻ ഹരിത കർമ്മസേനയിലെ ഒരു അംഗത്തെ ഏൽപ്പിക്കണമെന്നുമുള്ള നിബന്ധനക്ക് വിധേയമായി,

അനുയോജ്യമായ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം നൽകുന്നതിന് ശുചിത്വ മിഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കൈനകരി ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ

ഡയറക്ടർ(I&PRD), വെബ് & ന്യൂ മീഡിയ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Manish V V
Date: 23-07-2025 13:02:24
സെക്ഷൻ ഓഫീസർ